Keraleeyam
Rs. 25/- 2021 March Vol. 22 Issue 03

# സത്യമാണ് പ്രതിരോധം

## വിനോദ് കെ. ജോസ്/ പി. എം ജയൻ

റിപ്പബ്ലിക്ക് ദിനത്തിൽ ഡൽഹിയിൽ ഒരു കർഷകന്റെ മരണം സംബന്ധിച്ച വാർത്ത സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്തതിന്റെ പേരിൽ 'ദി കാരവൻ' എക്സിക്യൂട്ടീവ് എഡിറ്റർ വിനോദ് കെ.ജോസ് അടക്കം സ്ഥാപനത്തിലെ മൂന്ന് മാധ്യമപ്രവർത്തകർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തുകയുണ്ടായി. കാരവന്റെ ഒരു ജേർണലിസ്റ്റിനെ റിപ്പോർട്ടിങ്ങിനിടയിൽ അകാരണമായി പിടിച്ചുകൊണ്ടുപോയി ജയിലിലടച്ചു. കാരവന്റെ ടിറ്റർ അക്കൗണ്ട് തടഞ്ഞുവച്ചു. ഇതുമായി ബന്ധപ്പെട്ട നിലപാടുകൾ വിനോദ് കെ ജോസ് പങ്കുവെക്കുന്നു.

**താങ്കൾ അടക്കം നിരവധി ജേർണലിസ്റ്റുകൾക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി കേസെടുത്തിരിക്കുകയാണല്ലോ. ആ അനുഭവം ഒന്നു പറയാമോ?**

ജനുവരി 26നാണ് കർഷകന്റെ മരണം സംഭവിക്കുന്നത്. രണ്ട് ദിവസം കഴിഞ്ഞ് 28നാണ് ശശി തരൂർ എം.പിക്കും ഞാൻ അടക്കം കാരവനിലെ മൂന്നു ജേർണലിസ്റ്റുകൾക്കും രാജ്ദീപ് സർദേശായി അടക്കം മറ്റ് മൂന്ന് ജേർണലിസ്റ്റുകൾക്കും എതിരെ കേസ് ഉണ്ടെന്ന കാര്യം അറിയുന്നത്. കാരവൻ പൊളിറ്റിക്കൽ എഡിറ്റർ ഹർതോഷ് സിങ്ബാൽ ആണ് രാത്രി എട്ടരയോടെ എന്നെയിത് അറിയിക്കുന്നത്. അതിനുശേഷം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ മറ്റ് സംസ്ഥാനങ്ങളിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന കാര്യം അറിയുന്നു. അഞ്ച് സംസ്ഥാനങ്ങളിലായി പത്തോളം കേസുകൾ ഒരേ വിഷയത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന കാര്യം പിറ്റേന്ന് ഉച്ചയോടെ മനസ്സിലാകുന്നു. ഉടൻതന്നെ ഞങ്ങൾ കൊടുത്ത വാർത്തയിൽ എന്തെങ്കിലും പിശക് പറ്റിയോ എന്ന് ക്രോസ് ചെക്ക് ചെയ്യാൻ തുടങ്ങി. ഒരു സംഭവം നടന്ന സ്പോട്ടിൽവെച്ച് റിപ്പോർട്ടർമാർ എങ്ങനെയാണോ വർക്ക് ചെയ്യുന്നത് അതൊക്കെ പാലിച്ചുകൊണ്ടുതന്നെയാണ് ആ വാർത്ത ചെയ്തത്. വാർത്ത പബ്ലിഷ് ചെയ്യുന്നതിന് മുൻപ് ഡസ്കിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ, ഫാക്ട് ചെക്കിങ്ങ് എല്ലാം നടത്തിയിട്ടുണ്ട്. വാർത്തയിൽ ഒരു പ്രശ്നവുമില്ലെന്ന് ഉറപ്പ് വരുത്തി. ഇത് ഞങ്ങളെ ടാർഗറ്റ് ചെയ്തുകൊണ്ടുള്ള കേസാണെന്ന് അതോടെ ഉറപ്പായി. നിമയപരമായി ഇതിനെ എങ്ങനെ നേരിടാം എന്നതിലേക്കായി പിന്നെ ഞങ്ങളുടെ നീക്കം. വിവിധ വക്കീലന്മാരുമായി സംസാരിക്കൽ, പെറ്റീഷൻ തയ്യാറാക്കൽ എന്നിവയായിരുന്നു പിന്നീട്. സുപ്രീംകോടതിയിൽ സമർപ്പിക്കേണ്ട പെറ്റീഷൻ ആയിരത്തോളം പേജ് വരുന്നതായിരുന്നു. ഇത്തരം കാര്യങ്ങളിലൂടെതന്നെയാണ് പിന്നീടുള്ള മണിക്കൂറുകളും ദിവസങ്ങളും നീങ്ങിയിരുന്നത്. പ്രശ്നങ്ങൾ അവിടെ നിന്നില്ല. 29ന് വെള്ളിയാഴ്ച രാത്രിയോടെ ഞങ്ങളുടെ കോൺട്രിബ്യൂട്ടർ ആയ ജേർണലിസ്റ്റ് മൻദീപ് പുനിയയെ അപ്രതീക്ഷിതമായി കാണാതാവുന്നു. അദ്ദേഹത്തെ പൊലീസ് കൊണ്ടുപോകുകയായിരുന്നു എന്ന് പിന്നീട് അറിയുന്നു. പൊലീസ് വലിച്ചിഴച്ചുകൊണ്ടുപോകുന്ന, മർദിക്കുന്നതെന്നു തോന്നുന്ന വീഡിയോകൾ കാണാനിടയാകുന്നു. ഏത് പൊലീസ് സ്റ്റേഷനിലാണ് അദ്ദേഹം ഉള്ളതെന്ന് മനസ്സിലായില്ല. തണുപ്പുകാലത്ത് രാത്രി വൈകുംവരെ ഡൽഹിയിലെ പൊലീസ് സ്റ്റേഷനുകൾ തോറും കയറിയിറങ്ങുകയായിരുന്നു ഞങ്ങളുടെ റിപ്പോർട്ടർമാർ. പിറ്റേന്നാണ് ഏത് സ്റ്റേഷനിലാണ് ഉള്ളതെന്ന് മനസ്സിലായത്. അവനെ പിന്നീട് തീഹാർ ജയിലിലേക്ക് മാറ്റിയിരുന്നു. പിന്നെ അവന്റെ ജാമ്യത്തിനുവേണ്ടിയുള്ള നിയമനടപടികൾക്കായിരുന്നു സമയം ചെലവഴിച്ചത്. മൂന്ന് ദിവസത്തിനുശേഷമാണ് ജാമ്യത്തിൽ പുറത്തിറങ്ങിയത്. അന്ന് നടന്ന കാര്യങ്ങളുടെ ഭീതിദമായ വിവരണങ്ങൾ മൻദീപിന്റെ അഭിമുഖത്തിലൂടെ ഞങ്ങൾ പുറത്തറിയിക്കുകയും ചെയ്തു. പോരാത്തതിന് അതേ ജയിലിൽ പിടിച്ചിടപ്പെട്ട കർഷകരുമായി സംസാരിച്ച് മൻദീപ് തയ്യാറാക്കിയ സ്റ്റോറിയും പബ്ലിഷ് ചെയ്യാനായി. മൂന്നാമത് ഉണ്ടായ സംഭവം കാരവന്റെ ടിറ്റർ അക്കൗണ്ട് തിങ്കളാഴ്ചയോടെ തടഞ്ഞുവെക്കപ്പെട്ടു എന്നതാണ്. സർക്കാർ പോളിസി പ്രകാരം സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോം തടഞ്ഞുവെക്കുമ്പോൾ അത് എന്തുകൊ@ാണെന്ന കാര്യം ഞങ്ങളെ അറിയിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ അതൊന്നും ഇല്ലാതെയാണ് ഇത് ചെയ്തത്. എന്തുകൊണ്ടാണ് ഞങ്ങൾ ടിറ്ററിൽ നിന്ന് അപ്രത്യക്ഷമായതെന്ന് വായനക്കാർക്ക് അറിയില്ലല്ലോ. ആയതിനാൽ ടിറ്ററിന്റെ സ്ക്രീൻ ഷോട്ടോടുകൂടി ഇക്കാര്യം ജനങ്ങളെ അറിയിച്ചു.

**മാധ്യമങ്ങളെല്ലാം ഭരണകൂടത്തിനനുകൂലമായി മാറുന്ന കാലത്ത് ഇന്ത്യയിലെ ഒറ്റപ്പെട്ട മാധ്യമങ്ങൾ മാത്രമേ കർഷകസമരത്തെ സമഗ്രമായി റിപ്പോർട്ട് ചെയ്യാൻ ശ്രമിച്ചിട്ടുള്ളൂ. അവ ഏതൊക്കെയാണെന്ന് പറയാമോ?**

കാരവൻ, ന്യൂസ് ലോൺട്രി, ദി വയർ, സ്ക്രോൾ, ന്യൂസ് ക്ലിക്ക് എന്നിവയാണ് കർഷകസമരമെന്ന വിഷയം സജീവമായി റിപ്പോർട്ട് ചെയ്യുകയോ അനലൈസ് ചെയ്യുകയോ ചെയ്യുന്നത്. ഞങ്ങൾക്ക് ഫീൽഡിൽ ഏഴോ എട്ടോ ജേർണലിസ്റ്റുകൾ ഉണ്ട് പല സ്ഥലങ്ങളിലായി. 46 ജേർണലിസ്റ്റുകളിൽ ഈ എട്ട് പേരും കർഷകസമരം തന്നെയാണ് ശ്രദ്ധിക്കുന്നത്. വലിയ ന്യൂസ് ഇവന്റ് തന്നെയല്ലേ കർഷകസമരം. നമ്മൾ എല്ലാ സ്റ്റോറികളും ചെയ്യുന്നില്ല. മാഗസിൻ എന്ന നിലയിൽ സെലക്ടീവായ സ്റ്റോറികളേ ചെയ്യുന്നുള്ളൂ, ആഴത്തിലുള്ളത്. വീഡിയോ സ്റ്റോറികളും നല്ല ഹിറ്റാകുന്നു. ഒരുപാട് ആൾട്ടർനേറ്റീവ് മീഡിയകൾ രൂപം കൊണ്ടിട്ടുണ്ട്. അവരും ഇത്തരം വാർത്തകൾ ചെയ്യുന്നു. ഒരു പാട് യൂട്യൂബ് ചാനലുകളും രംഗത്തുണ്ട്. ചെറുപ്പക്കാരുടെയും മറ്റും നേതൃത്വത്തിൽ അവരുടേതായ ബ്രോഡ്കാസ്റ്റിങ്ങ് സംവിധാനം റിപ്പോർട്ട് ചെയ്യുന്നുണ്ട്. മിക്കവരുടെയും ആൻഡ്രോയിഡ് ഫോണിൽ ഇന്റർനെറ്റ് ഉള്ളതിനാൽ അത്തരത്തിൽ ന്യൂസ് പ്രചാരണം നടക്കുന്നുണ്ട്. *(കടപ്പാട്: ചന്ദ്രിക)* ■

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com